(ഡി) വാഴപ്പള്ളി പഞ്ചായത്തിൽ 1998-99-ലെ എൻ.സി.പി.സി. സാനിറ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാറേൽപ്പള്ളി വലിയകുളം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ പൈപ്പ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വാഴപ്പള്ളി പഞ്ചായത്തിലെ ഇരട്ടകുളം പദ്ധതി കൊണ്ട് കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതു പരിഹരിക്കുവാൻ പുതുതായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) കുറിച്ചി പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ പുതുതായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ;

(എച്ച്) മാടപ്പള്ളി, വാകത്താനം, കറുകച്ചാൽ ജലവിതരണ പദ്ധതികളുടെ നിർമ്മാണ ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2000 മാർച്ച് 31-ന് മുമ്പായി കമ്മിഷൻ ചെയ്യാൻ സാധിക്കും.

(സി) നടപടി എടുത്തിട്ടുണ്ട്.

(ഡി) എൻ.സി.പി.സി. പദ്ധതികൾ നടപ്പിലാക്കുവാനാവശ്യമായ പൈപ്പുകൾ വാങ്ങുവാൻ വേണ്ട നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(ഇ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്.

(എച്ച്) 8-2000-ന് മുമ്പായി പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ശുദ്ധജലതടാകം സംരക്ഷണം

25 (188) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജല തടാകങ്ങൾ ശാസ്ത്രീയമായി സംരക്ഷിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) തടാകത്തിൽ മണ്ണ് വീണ് ആഴം കുറയാതിരിക്കാനും തലത്തിന്റെ അളവ് കുറയാതിരിക്കാനും നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശുദ്ധജലതടാകങ്ങളുടെ സംരക്ഷണത്തിന് വേണ്ടി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ ശുദ്ധജലതടാകങ്ങളുടെ സംരക്ഷണത്തിന് വേണ്ടിയാണ് കേന്ദ്ര സഹായം അഭ്യർഥിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായലും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകവുമാണ് ശുദ്ധജല പദ്ധതികളുടെ സ്രോതസ്സായി കേരളാ വാട്ടർ അതോറിറ്റി പരിഗണിച്ചിട്ടുള്ളത്. വെള്ളായണി കായലിന്റെ സംരക്ഷണത്തെ കുറിച്ച് പഠനം നടത്തുവാൻ കേന്ദ്ര ഭൗമശാസ്ത്ര പഠനകേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനം പൂർത്തിയായിട്ടില്ല. ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം സംബന്ധിച്ച ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) ഇതിന് ശാശ്വത പരിഹാരമുണ്ടാക്കുവാൻ ആവശ്യമായ കാര്യത്തെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടിയിരിക്കുന്നു.

(സി&ഡി) ശുദ്ധജലതടാകങ്ങളുടെ സംരക്ഷണത്തിന് ഇപ്പോൾ കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമല്ല.

സംസ്ഥാനങ്ങൾക്ക് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

26 (189) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പാരമ്പര്യേതരമായ എന്തെങ്കിലും സംവിധാനം ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കടൽവെള്ളം ട്രീറ്റു ചെയ്തും മലിനജലം സംസ്ക്കരിച്ചും വ്യാവസായികാവശ്യങ്ങൾക്കുപയോഗിച്ച് കുടിവെള്ളം ലാഭിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ;

(ഡി) സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ മഴ വെള്ളം പാഴായി പോകാതെ ശാസ്ത്രീയമായി കുടിവെള്ളമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ മാർഗ്ഗം പ്രോൽസാഹിപ്പിക്കുവാനും വ്യാപകമാക്കുവാനുമുതകുന്ന ഒരു പദ്ധതി ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly